2024
JUNE
27
THURSDAY

# സൊസൈറ്റി ടുഡേ
SOCIETY TODAY

www.societytodaynews.com

E-mail: societytodaynews@gmail.com

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# ഓംബിർള വീണ്ടും ലോക്സഭ സ്പീക്കർ

**കൊച്ചി:** ഓംബിർള തുടർച്ചയായി രണ്ടാം തവണയും ലോക്സഭാ സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ടു. കോൺഗ്രസിലെ കൊടിക്കുന്നിൽ സുരേഷ് എംപിയെ പ്രതിപക്ഷ സഖ്യത്തിന്റെ സ്ഥാനാർഥിയായി മൽസരത്തിന് കളമൊരുക്കിയെങ്കിലും ഭൂരിപക്ഷത്തിന്റെ ബലത്തിൽ 18ാം ലോക് സഭയുടെ നാഥനായി ഭരണപക്ഷത്തെ ഓംബിർള വീണ്ടും തിരഞ്ഞെടുക്കപ്പെടുകയായിരുന്നു. ശബ്ദവോട്ടോടെയായിരുന്നു തിരഞ്ഞെടുപ്പ്,രാജസ്ഥാനിലെ  കോട്ടയിൽ നിന്നുള്ള ബിജെപി പ്രതിനിധിയാണ് ഓം ബിർള. അഞ്ചു വർഷം കാലാവധി പൂർത്തിയാക്കി വീണ്ടും സ്പീക്കർ പദവിയിലെത്തുന്ന രണ്ടാമത്തെ വ്യക്തിയാണ് ഓംബിർള,  ബൽറാം ഝാക്കറാണ് ഇതിനു മുമ്പ് ഇതേ രീതിയിൽ കാലാവധി പൂർത്തിയാക്കിയതിനു ശേഷം വീണ്ടും സ്പീക്കർല പദവിയിൽ എത്തിയിട്ടുള്ള വ്യക്തി.ഓം ബിർളയെ രാഹുൽ ഗാന്ധിയും പ്രധാനമന്ത്രി നരേന്ദ്രമോഡിയും ചേർന്ന് സ്പീർക്കർ ചെയറിലേക്ക് ആനയിച്ചു.തുടർച്ചയായി രണ്ടാം തവണയും സ്പീക്കറായി ചുമതലയേറ്റ  ബിർളയെ പ്രധാനമന്ത്രി സ്വാഗതം ചെയ്തു. സഭയുടെ ആശംസകൾ അദ്ദേഹം സ്പീക്കറെ അറിയിച്ചു. കഴിഞ്ഞ അഞ്ച് വർഷത്തെ അനുഭവവും അദ്ദേഹവുമായുള്ള അംഗങ്ങളുടെ അനുഭവവും ഈ സുപ്രധാന സമയത്തു സഭയെ നയിക്കാൻ വീണ്ടും തെരഞ്ഞെടുക്കപ്പെട്ട സ്പീക്കറെ പ്രാപ്തനാക്കുമെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി.. സ്പീക്കറുടെ വിനയവും എളിമയാർന്ന  വ്യക്തിത്വവും സഭാനടത്തിപ്പിനു സഹായിക്കുന്ന അദ്ദേഹത്തിന്റെ



വിജയകരമായ പുഞ്ചിരിയും പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി.ജനാധിപത്യത്തിന്റെ നീണ്ട യാത്ര പുതിയ റെക്കോർഡുകൾ സൃഷ്ടിക്കാൻ അവസരമൊരുക്കുന്ന വിവിധ ഇടവേളകൾക്കു  സാക്ഷ്യം വഹിക്കുന്നതായി പ്രധാനമന്ത്രി പറഞ്ഞു. പതിനേഴാം ലോക്സഭ കൈവരിച്ച പ്രവർത്തനങ്ങളെ അഭിനന്ദിച്ച അദ്ദേഹം ഭാവിയിലും പതിനേഴാം ലോക്സഭയുടെ നേട്ടങ്ങളിൽ ഇന്ത്യയിലെ ജനങ്ങൾ അതിനു മൂല്യം കൽപ്പിക്കുമെന്ന് ആത്മവിശ്വാസം പ്രകടിപ്പിച്ചു. ഇന്ത്യയെ ഒരു ആധുനിക രാഷ്ട്രമാക്കി മാറ്റുന്നതിന് 17ാം ലോക്സഭയിൽ നടത്തിയ പ്രവർത്തനങ്ങളെ അദ്ദേഹം പ്രശംസിച്ചു. സ്പീക്കറുടെ മാർഗനിർദേശപ്രകാരം പുതിയ പാർലമെന്റ് മന്ദിരം അമൃതകാലത്തിന്റെ ഭാവിക്ക് വഴിയൊരുക്കുമെന്ന് അദ്ദേഹം സഭയ്ക്ക് ഉറപ്പ് നൽകി. പാർലമെന്റ് മന്ദിരം വെറും മതിലുകളല്ലെന്നും 140 കോടി പൗരന്മാരുടെ അഭിലാഷങ്ങളുടെ കേന്ദ്രമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. വീടിന്റെ പ്രവർത്തനവും പെരുമാറ്റവും ഉത്തരവാദിത്വവും നമ്മുടെ രാജ്യത്തെ ജനാധിപത്യത്തിന്റെ അടിത്തറയെ ആഴത്തിലാക്കുന്നുവെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു.

## വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി

**കൊച്ചി:** മഴ, ശക്തമായ കാറ്റ് എന്നിവ തുടരുന്ന സാഹചര്യത്തിൽ എറണാകുളം ജില്ലയിലെ അങ്കണവാടികൾ, പ്രൊഫഷണൽ കോളജുകൾ അടക്കമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക്  ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ് ഇന്ന് അവധി പ്രഖ്യാപിച്ചു. മുൻ നിശ്ചയപ്രകാരമുള്ള പൊതുപരീക്ഷകൾ, യൂണിവേഴ്സിറ്റി പരീക്ഷകൾ എന്നിവയ്ക്ക് മാറ്റം ഉണ്ടായിരിക്കുന്നതല്ല.ആലപ്പുഴ:ജില്ലയിലെ വിവിധ താലൂക്കുകളിലെ സ്കൂളുകളിൽ വെള്ളക്കെട്ട് രൂപപ്പെട്ടിട്ടുള്ളതിനാലും ശക്തമായ മഴ  തുടരുന്ന സാഹചര്യത്തിലും ജില്ലയിലെ  പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അംഗൻവാടികൾക്കും ജില്ലാ കളക്ടർ ഇന്ന് അവധി പ്രഖ്യാപിച്ചു. മുൻ നിശ്ചയിച്ച പരീക്ഷകൾക്ക് മാറ്റമില്ല. കോട്ടയം, പത്തനംതിട്ടി ഇടുക്കി ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് അവധി പ്രഖ്യാപിച്ചു

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ്  ജില്ലകളിലെ തീരങ്ങളിൽ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. കേരള തീരത്തും, തമിഴ്നാട് തീരത്തും കള്ളക്കടൽ പ്രതിഭാസത്തിനും, ഉയർന്ന തിരമാലയ്ക്കും സാധ്യതയുണ്ടെന്നും അറിയിപ്പിൽ പറയുന്നു. ഇതു മുൻനിർത്തി ഈ പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും പ്രത്യേക ജാഗ്രത പാലിയ്ക്കണം.

കടൽക്ഷോഭം രൂക്ഷമാകാൻ സാധ്യതയുള്ളതിനാൽ അപകട മേഖലകളിൽ നിന്ന് അധികൃതരുടെ നിർദേശാനുസരണം മാറി താമസിക്കണം. മൽസ്യബന്ധന യാനങ്ങൾ (ബോട്ട്, വള്ളം, മുതലായവ) ഹാർബറിൽ സുരക്ഷിതമായി കെട്ടിയിട്ട് സൂക്ഷിക്കണം. ബീച്ചിലേക്കുള്ള യാത്രകളും കടലിൽ ഇറങ്ങിയുള്ള വിനോദങ്ങളും പൂർണമായും ഒഴിവാക്കണമെന്നും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി മുന്നറിയിപ്പു നൽകി.

# കനത്ത മഴ; ജാഗ്രതാ മുന്നറിയിപ്പ്

**■ അടുത്ത 3 ദിവസം വരെ അതിശക്തമായതോ അതിതീവ്രമായതോ ആയ മഴയ്ക്ക് സാധ്യത**

**കൊച്ചി:**  മധ്യ കേരള തീരം മുതൽ  മഹാരാഷ്ട്ര  തീരം വരെ ന്യൂന മർദ്ദ പാത്തി സ്ഥിതിചെയ്യുന്നതിനാൽ സംസ്ഥാനത്തു പലയിടങ്ങളിലും കനത്ത മഴ തുടരുന്നു.ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് മുന്നറയിപ്പ്.കേരള തീരത്തു പടിഞ്ഞാറൻ, തെക്ക് പടിഞ്ഞാറൻ കാറ്റ് ശക്തമായി തുടരുന്നു. ഇതിന്റെ ഫലമായി അടുത്ത 3 ദിവസം വരെ അതിശക്തമായതോ അതിതീവ്രമായതോ ആയ മഴയ്ക്ക് സാധ്യതയുണ്ട്. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, ഇടുക്കി, എറണാകുളം, പത്തനംതിട്ട,  തിരുവനന്തപുരം ജില്ലകളിൽ  ഓറഞ്ച്  അലർട്ടു കേന്ദ്ര കാലാവസ്ഥ വകുപ്പ് പ്രഖ്യാപിച്ചിട്ടുണ്ട്. റഡാർ ഡാറ്റാ പ്രകാരം കേരള തീരത്ത് കാലവർഷക്കാറ്റ് മണിക്കൂറിൽ പരമാവധി 45  55  കിലോമീറ്റർ വരെ  വേഗതയുള്ളതിനാൽ  പ്രത്യേക  ജാഗ്രത പാലിക്കണം.  ഈ വർഷത്തെ കാലവർഷ സീസണിലെ സംസ്ഥാനത്തെ ഏറ്റവും കൂടിയ മഴ ഇന്നലെ രേഖപ്പെടുത്തി (ശരാശരി 69.6 മില്ലിമീറ്റർ  മഴ). ജില്ലകളിൽ കോട്ടയം  ജില്ലയിൽ ശരാശരി  103 മില്ലിമീറ്റർ മഴയും വയനാട് (95.8 മില്ലിമീറ്റർ), കണ്ണൂർ (89.2 മില്ലിമീറ്റർ) കാസർഗോഡ്  (85) എറണാകുളം  (80.1) മഴയും രേഖപ്പെടുത്തി.കോട്ടയം ജില്ലയിലെ  കിടങ്ങൂരിൽ  (199 മില്ലിമീറ്റർ) ആണ്. കഴിഞ്ഞ 24  മണിക്കൂറിൽ ഏറ്റവും കൂടുതൽ മഴ രേഖപ്പെടുത്തിയത്. കോട്ടയം (174) വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ ഡാം (165 മില്ലിമീറ്റർ) മഴ രേഖപ്പെടുത്തി.കേരളതീരത്തു ഉയർന്ന തിരമാല ജാഗ്രത നിർദേശം നിലനിൽക്കുന്നു. കൂടാതെ ശക്തമായ കാറ്റും മോശം കാലാവസ്ഥയും പ്രതീക്ഷിക്കുന്നതിനാൽ ഇന്നും നാളെയും കേരള തീരത്ത് നിന്ന് കടലിൽ പോകാൻ പാടുള്ളതല്ല എന്ന അറിയിപ്പും നിലനിൽക്കുന്നുണ്ട്.കേന്ദ്ര ജല കമ്മീഷൻ  പ്രളയ മുന്നറിയിപ്പ് സംവിധാന പ്രകാരം പത്തനംതിട്ട ജില്ലയിലെ മഡമൺ സ്റ്റേഷൻ (പമ്പ നദി),  കല്ലൂപ്പാറ സ്റ്റേഷൻ (മണിമല നദി) എന്നിവിടങ്ങളിൽ ഓറഞ്ച് അലർട്ട് കേന്ദ്ര ജല കമ്മീഷൻ  പ്രഖ്യാപിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ തുമ്പമൺ സ്റ്റേഷൻ (അച്ചൻകോവിൽ നദി), കോട്ടയം ജില്ലയിലെ പുല്ലാക്കയർ സ്റ്റേഷൻ (മണിമല നദി), ഇടുക്കി ജില്ലയിലെ മണക്കാട് സ്റ്റേഷൻ  (തൊടുപുഴ നദി) തീരത്തോട് ചേർന്ന് താമസിക്കുന്നവർ ജാഗ്രത പാലിക്കണം.അരുവിക്കര, കല്ലാർകുട്ടി, ലോവർ പെരിയാർ, പാംബ്ലാ, പെരിങ്ങൽകൂത്ത് എന്നി ഡാമുകളിൽ  നിന്നും മുൻകരുതലിന്റെ ഭാഗമായി നിയന്ത്രിത അളവിൽ ജലം പുറത്തേക്കൊഴുക്കി വിടുന്നുണ്ട്.  സംസ്ഥാന  ജില്ലാ എമർജൻസി  ഓപ്പറേഷൻസ് സെന്ററുകളും താലൂക്കുതല കണ്ട്രോൾ റൂമുകളും 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു.  കൂടാതെ ആരക്കോണം നാലാം ബറ്റാലിയന്റെ നേതൃത്വത്തിൽ ദേശിയ ദുരന്ത നിവാരണ സേനയുടെ  9 ടീംനെ കേരളത്തിന്റെ വിവിധ ഇടങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, മലപ്പുറം, കൊല്ലം, കോഴിക്കോട്, തൃശ്ശൂർ, വയനാട് ജില്ലകളില്ലാണ് സേനയെ വിന്യസിച്ചത്. മലയോരമേഖലകളിൽ ശക്തമായ മഴ ലഭിക്കുന്ന സാഹചര്യത്തിൽ മണ്ണിടിച്ചിലിനു സാധ്യതയുണ്ട്. ഇത്തരം മേഖലകളിലേക്കുള്ള രാത്രി യാത്രകൾ പൂർണ്ണമായും ഒഴിവാക്കുക.ജല വിനോദങ്ങളും വനമേഖലയിലെ ട്രക്കിംഗും  ഒഴിവാക്കാൻ ശ്രദ്ധിക്കണം.



സൊസൈറ്റി ടുഡേ
SOCIETY TODAY

## ഹോസ്പിറ്റൽ ഇൻഫെക്ഷൻ കൺട്രോൾ സർട്ടിഫിക്കറ്റ് പ്രോഗ്രാം

**കൊച്ചി:** സ്റ്റേറ്റ് റിസോഴ്സ് സെൻറർ കേരള യുടെ കീഴിൽ പ്രവർത്തിക്കുന്ന എസ്ആർ സി കമ്മ്യൂണിറ്റി കോളേജ് ഹോസ്പിറ്റൽ ഇൻഫെക്ഷൻ കൺട്രോൾസർട്ടിഫിക്കറ്റ് പ്രോഗ്രാം അപേക്ഷ ക്ഷണിച്ചു.ഈ ഓൺലൈൻ പാർട്ട്ടൈം സർട്ടിഫിക്കറ്റ് പ്രോഗ്രാമിൽ പങ്കെടുക്കാൻ താല്പര്യമുള്ള ഡോക്ടർമാർ, ഡിഗ്രി/ഡിപ്ലോമ ഉള്ള നഴ്സിംഗ്, പാരാമെഡിക്കൽ, അഡ്മിനിസ്ട്രേഷൻ ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം.അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2024 ജൂൺ 30.വിശദവിവരങ്ങൾക്ക് 9048110031 / 8075553851. wwws.rccc.in

## കെ.ജി.റ്റി.ഇ. പ്രിന്റിംഗ് ടെക്നോളജി: സീറ്റൊഴിവ്

**കൊച്ചി:** സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗും (സി ആപ്റ്റ്) സംയുക്തമായി ആരംഭിക്കുന്ന കേരള ഗവൺമെന്റ് അംഗീകാരമുള്ള ഒരു വർഷ കെ.ജി.റ്റി. ഇ. പോസ്റ്റ് പ്രസ്സ്,
കെ.ജി.റ്റി. ഇ. പ്രീപ്രസ്സ് ഓപ്പറേഷൻ ആന്റ് കെ.ജി.റ്റി.ഇ പ്രസ്സ് വർക്ക് 2024 2025 അധ്യയന വർഷം ആരംഭിക്കുന്ന കോഴ്സുകളിലേയ്ക്ക് സീറ്റൊഴിവ്. അപേക്ഷകർ എസ്. എസ്. എൽ. സി പാസ്സായിരിക്കണം നൂതന സാങ്കേതിക അച്ചടി രംഗത്ത് തൊഴിൽ സാദ്ധ്യത ഏറെ ഉള്ള കോഴ്സാണ്.സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ പരീക്ഷ കൺട്രോളർ സർട്ടിഫിക്കറ്റുകൾ നൽകുന്ന പ്രസ്തുത കോഴ്സിൽ പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗങ്ങൾക്ക് നിയമാനുസൃത ഫീസ് ആനുകൂല്യം ലഭിക്കുന്നതാണ്. ഒ.ബി.സി./എസ്.ഇ.ബി.സി. മറ്റ് മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വരുമാനപരിധിക്കു വിധേയമായി ഫീസ് ആനുകൂല്യം ലഭിക്കുന്നതാണ്.
അപേക്ഷാഫോറം, പ്രോസ്പെക്ടസ് എന്നിവ സെന്ററിന്റെ പരിശീലന വിഭാഗത്തിൽ നിന്ന് 100 രൂപക്ക് നേരിട്ടും, 135 രൂപയുടെ മണിഓർഡറായി ഓഫീസർ ഇൻ ചാർജ്, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ്, ഗവ. എൽ. പി. സ്കൂൾ കാമ്പസ്, തോട്ടക്കാട്ടുകര പി.ഒ., ആലുവ 683108 എന്ന വിലാസത്തിൽ അയച്ചാൽ തപാൽ മാർഗ്ഗവും ലഭ്യമാകും. വിശദവിവരങ്ങൾ പരിശീലന വിഭാഗത്തിലെ (0484 2605322,9605022555, 9446511277) എന്നീ ഫോൺ നമ്പറുകളിൽ ലഭ്യമാകും.

## വിനോദസഞ്ചാരകേന്ദ്രങ്ങളിൽ പ്രവേശന വിലക്ക്

**കോട്ടയം:** മഴ ശക്തമായി തുടരുന്ന സാഹചര്യത്തിലും വരും ദിവസങ്ങളിൽ മഴ രൂക്ഷമാകുമെന്ന മുന്നറിയിപ്പുകൾ ലഭിച്ചിരിക്കുന്നതിനാലും കോട്ടയം ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളായ ഇലവീഴാപൂഞ്ചിറ, ഇല്ലിക്കൽകല്ല്, മാർമല അരുവി എന്നിവിടങ്ങളിലേയ്ക്കുള്ള പ്രവേശനവും ഈരാറ്റുപേട്ടവാഗമൺ റോഡിലെ രാത്രികാലയാത്രയും ജൂൺ 30 വരെ നിരോധിച്ച് ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ കൂടിയായ കോട്ടയം ജില്ലാ കളക്ടർ വി. വിഗ്നേശ്വരി ഉത്തരവായി.

## കെൽട്രോണിൽ ജേണലിസം പഠനം ഇപ്പോൾ അപേക്ഷിക്കാം

**കൊച്ചി:** കേരള സർക്കാർ പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിന്റെ പോസ്റ്റ്ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ജേണലിസത്തിൽ 2024 25 ബാച്ചിലേക്ക് ജൂലായ് 10 വരെ അപേക്ഷിക്കാം. തിരുവനന്തപുരം കെൽട്രോൺ നോളജ് സെൻറ്ററിലേക്കാണ് അപേക്ഷകൾ ക്ഷണിച്ചിട്ടുള്ളത്. പത്രം, ടെലിവിഷൻ, സോഷ്യൽമീഡിയ , ആർട്ടിഫിഷ്യൽ ഇന്റലിജിൻസ് എന്നിവയിൽ അധിഷ്ഠിതമായ ജേണലിസം, മൊബൈൽ ജേണലിസം, ആങ്കറിങ്, ന്യൂസ് ക്യാമറ, വീഡിയോ എഡിറ്റിംഗ് തുടങ്ങിയവയിൽ പരിശീലനം ലഭിക്കും. പഠനത്തോടൊപ്പം മാധ്യമസ്ഥാപനങ്ങളിൽ നിബന്ധനകൾക്ക് വിധേയമായി ഇന്റേൺഷിപ്പ് ചെയ്യുവാൻ അവസരം ലഭിക്കും. കൂടാതെ വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് പ്ലേസ് മെന്റ് അസിസ്റ്റൻസും നൽകുന്നതാണ്. ഉയർന്നപ്രായപരിധി 30വയസ്. ക്ലാസുകൾ ജൂലായ് മാസം ആരംഭിക്കും. വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക: 954495 8182. വിലാസം: കെൽട്രോൺ നോളേജ്സെൻറ്റർ, 2ീറ ഫ്ലോർ, ചെമ്പിക്കളം ബിൽഡിങ്ങ്, ബേക്കറി ജംഗ്ഷൻ, വഴുതക്കാട്, തിരുവനന്തപുരം, 695 014.

# സെന്റ്.തെരേസാസ് കോളജ് ശതാബ്ദി നിറവിൽ



**കൊച്ചി:** പഴയ കൊച്ചി രാജ്യത്തെ ആദ്യത്തേതും കേരളത്തിലെ രാമത്തെതുമായ വനിതാ കോളേജായ എറണാകുളം സെൻറ് .തെരേസാസ് കോളജ് ശതാബ്ദി നിറവിൽ. അടുത്തവർഷം ശതാബ്ദി പൂർത്തിയാക്കുന്നതുമായി ബന്ധപ്പെട്ട് ഒരു വർഷം നീളുന്ന പദ്ധതികളാണ് കോളേജ് തയാറാക്കിയിട്ടുള്ളത്. കോളേജിൻറെ ശതാബ്ദിയാഘോഷ ചടങ്ങുകൾ ഉദ്ഘാടനം ചെയ്യുന്നതിനായി രാഷ്ട്രപതി സെപ്തംബറിൽ എത്തുമെന്ന് പ്രതീക്ഷിക്കുന്നതായി സെൻറ് .തെരേസാസ് കോളേജ് പ്രൊവിൻഷ്യൽ സുപ്പീരിയറും മാനേജരുമായ ഡോ.സിസ്റ്റർ വിനീത വാർത്താസമ്മേളനത്തിൽ അറിയിച്ചു.
ടി ഡി റോഡിൽ പുതുതായി നിർമിച്ച സെൻറിനറി ബ്ലോക്കിൻറെ രാം ഘട്ട നിർമാണം പുരോഗമിക്കുകയാണ്. പതിനൊന്ന് നിലകളുള്ള ശതാബ്ദി സ്മാരക ബ്ലോക്കിലാകും ഇനി സ്വാശ്രയ കോഴ്സുകൾ പൂർണമായും നടത്തപ്പെടുക. വല്ലാർപാടത്ത് മുതിർന്ന പൗരന്മാർക്കായി കാരുണ്യനികേതൻ പദ്ധതി, പാലിയേറ്റിവ് രോഗികൾക്കായി തുഷാരം പദ്ധതി, സംരംഭകത്വ പരിപാടിയായ റ്റിബിക് ഇൻകുബേഷൻ സെന്റർ, തെരേസ്യൻ സ്കിൽ ഹബ് എന്നിവയാണ് ശതാബ്ദിയോടനുബന്ധിച്ച് നടപ്പാക്കുന്ന പ്രധാന പദ്ധതികൾ. ശതാബ്ദിയുടെ ഭാഗമായി ആഗോളതലത്തിൽ പൂർവ വിദ്യാർഥികളെ സംഘടിപ്പിച്ച് 18 ആലുംനി ചാപ്റ്ററുകൾ രൂപീകരിച്ചിട്ടു്.ജൂൺ 27 ന് ബാംഗ്ലൂർ ബിഷപ്പ് ഫാ.പീറ്റർ മച്ചാഡോ അർപ്പിക്കുന്ന കൃതജ്ഞതാബലിയോടെ ശതാബ്ദി ആഘോഷ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കും. ശതാബ്ദി ബ്ലോക്കിൻറെ ഉദ്ഘാടനവും തുഷാരം പദ്ധതിയുടെ ഭാഗമായി 100 ക്യാൻസർ രോഗികൾക്കുള്ള അവശ്യമരുന്ന് വിതരണവും നടക്കും. അടുത്തമാസം തെരേസ്യൻ ഇന്നൊവേഷൻ സമ്മിറ്റ് സംഘടിപ്പിക്കും. ആഗസ്റ്റ് പത്തിന് ഗ്ലോബൽ അലുംനി മീറ്റ്, 12 മുതൽ 14 വരെ രാജ്യാന്തര നൃത്തോത്സവം എന്നിവയും സംഘടിപ്പിക്കും. ആഗസ്റ്റ് 15 ന് സ്വാതന്ത്ര്യദിനത്തിൽ നൂറ് വിമുക്ത ഭടന്മാരെ ആദരിക്കും. സെപ്തംബർ എട്ടിന് തെരേസ്യൻ സെൻറിനറി മാരത്തോൺ നടക്കും. ഒക്ടോബറിൽ യൂത്ത് സംമിറ്റും ദേശീയ സാംസ്കാരികോത്സവവും സംഘടിപ്പിക്കുന്നു്. ഡിസംബർ ആദ്യവാരം തെരേസ്യൻ കോൺക്ലേവ് സംഘടിപ്പിക്കും. ജനുവരി 11 ന് 'ബ്ലാക് സ്വാൻ ' നൃത്തനാടകം അരങ്ങേറും. ഫെബ്രുവരി ആദ്യവാരം ഗ്ലോബൽ എക്സ്പോ, ഫാഷൻ വീക്ക് എന്നിവയും നടക്കും. വിപുലമായ പരിപാടികളാണ് ശതാബ്ദി ആഘോഷങ്ങളോട് അനുബന്ധിച്ച് തയാറാക്കിയിരിക്കുന്നതെന്ന് സിസ്റ്റർ വിനീത പറഞ്ഞു. നാക് എ പ്ലസ് പ്ലസ് അക്രഡിറ്റേഷൻ ലഭിട്ടുള്ള സെൻറ് .തെരേസാസ് കോളേജിന് എൻഐആർഎഫ് റാങ്കിംഗിൽ നാല്പത്തിയൊന്നാം സ്ഥാനനം ലഭിച്ചിട്ടു്. നിലവിൽ 25 വിഭാഗങ്ങളിലായി 4200 ഓളം വിദ്യാർഥികളാണുള്ളത്. 68 കോഴ്സുകൾ കോളെജിൽ ലഭ്യമാണ്. 7 ഗവേഷണ കേന്ദ്രങ്ങളും 108 ഗവേഷണ വിദ്യാർഥികളുമു്. തൊഴിലധിഷ്ഠിത ഡിപ്ളോമ കോഴ്സുകളും കോളേജ് നടത്തിവരുന്നു.100 വർഷം പൂർത്തിയാക്കുന്ന സെന്റ്. തെരേസാസ് കോളെജിന്റെ ചരിത്രം ഉൾക്കൊള്ളിച്ചുള്ള ഗ്രന്ഥം സെപ്തംബറിൽ പ്രസിദ്ധീകരിക്കും. ചീഫ് അഡ്മിനിസ്ട്രേറ്റർ സജിമോൾ കുറുപ്പ്, പ്രിൻസിപ്പാൾ അൽഫോൺസ വിജയ, മാനേജർ ഡോ. സിസ്റ്റർ വിനീത, വൈസ് പ്രിൻസിപ്പാൾ സിസ്റ്റർ. സുജിത എന്നിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം ആചരിച്ചു



**കൊച്ചി:** കൊച്ചി കസ്റ്റംസ് ഹൗസ്, കസ്റ്റംസ് (പ്രിവന്റീവ്) കമ്മീഷണറേറ്റ് എന്നിവ സംയുക്തമായി അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം ആചരിച്ചു.മയക്കുമരുന്ന് ദുരുപയോഗത്തിനും അനധികൃത കടത്തിനും എതിരെ ബോധവൽക്കരണ സെഷനും നടന്നു . ലഹരി വിമുക്ത സമൂഹത്തെ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ 2024 ജൂൺ 12 മുതൽ 2024 ജൂൺ 26 വരെ രാഴ്ചയായി നടത്തുന്ന ലഹരി രഹിത ഇന്ത്യ പരിപാടിയുടെ ഭാഗമായാണ് ഈ പരിപാടി സംഘടിപ്പിച്ചത്. എറണാകുളം സെന്റ് തെരേസാസ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന സമ്മേളനത്തിൽ ലിസി ഹോസ്പിറ്റലിലെ പീഡിയാട്രീഷ്യൻ ഡോ. വിവിൻ എബ്രഹാം സ്റ്റുഡന്റ് കൗൺസിലർ ശ്രീമതി ഫാബിത സുലൈമാൻ എന്നിവർ സംയുക്തമായി മയക്കുമരുന്ന് ദുരുപയോഗം, അനധികൃത കടത്ത് എന്നിവയുടെ അപകടങ്ങളെയും പ്രത്യാഘാതങ്ങളെയും കുറിച്ച് വിദ്യാർഥികളുമായി സംവദിച്ചു. സിജിഎസ്ടി തിരുവനന്തപുരം അഡീഷണൽ കമ്മീഷണർ ഡോ. എസ്.എൽ ശ്രീപാർവ്വതി രചിച്ചതും ഷൈനി പുരുഷോത്തമൻ ഈണമിട്ടതുമായ ഗാനം ചീഫ് കമ്മീഷണർ പ്രകാശനം ചെയ്തു.മയക്കുമരുന്നിനെതിരെ നടപടിയെടുക്കാൻ ആഹ്വാനം ചെയ്യുന്ന,മലയാള സിനിമയിലെ പ്രമുഖ താരങ്ങൾ ഉൾപ്പെടുന്ന വീഡിയോ കൊളാഷും ചടങ്ങിൽ അനാച്ഛാദനം ചെയ്തു.ചീഫ് കമ്മീഷണർ മനോജ് കെ. അറോറ,എറണാകുളം സെന്റ് തെരേസാസ് കോൺവെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ ഷീന സ്പർശിത തുടങ്ങിയവർ സംസാരിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY

### ഐഡിഎഫ് ഏഷ്യാ പസഫിക് മേഖലാ ഡെയറി സമ്മേളനത്തിന് തുടക്കമായി

# ക്ഷീരമേഖലയിലെ സാങ്കേതിക മുന്നേറ്റം കർഷകർക്ക് പ്രയോജനകരമാകണം: മന്ത്രി ചിഞ്ചുറാണി



**കൊച്ചി:** കേന്ദ്ര ഫിഷറീസ്, മൃഗസംരക്ഷണ, ക്ഷീര വികസന മന്ത്രാലയവും നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡും (എൻ ഡി ഡി ബി ) ഇന്റർനാഷണൽ ഡയറി ഫെഡറേഷനും (ഐ.ഡി.എഫ്) ചേർന്ന് രാജ്യത്താദ്യമായി സംഘടിപ്പിക്കുന്ന 'റീജിയണൽ ഡയറി കോൺഫറൻസ് ഏഷ്യ പസഫിക് 2024' ത്രിദിന സമ്മേളനത്തിന് കൊച്ചിയിൽ തുടക്കമായി. മന്ത്രി ജെ. ചിഞ്ചുറാണി ഉദ്ഘാടനം ചെയ്തു. കാലാവസ്ഥാ വ്യതിയാനം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ക്ഷീരമേഖല നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കാൻ ക്രിയാത്മകമായ നടപടികൾ ആവശ്യമാണെന്ന് മന്ത്രി ചൂിക്കാട്ടി. ക്ഷീരമേഖലയിലെ സാങ്കേതിക മുന്നേറ്റം കർഷകർക്ക് കൂടി ഗുണകരമാകുന്ന രീതിയിൽ പ്രയോജനപ്പെടുത്തണം. സുസ്ഥിരത, ഉത്പാദന വർധന എന്നിവയ്ക്കായി നയരൂപീകരണം നടത്തണം. ക്ഷീര സഹകരണമേഖലയാണ് സംസ്ഥാനത്തെ ക്ഷീരവികസന മേഖലയ്ക്ക് ഊർജം പകർന്നത്. 3000 ലേറെ സഹകരണ ക്ഷീര സംഘങ്ങളാണ് കേരളത്തിലെ ക്ഷീര മേഖലയുടെ കരുത്ത്. 25.79 ലക്ഷം മെട്രിക് ടണ്ണാണ് കേരളത്തിലെ വാർഷിക ക്ഷീരോത്പാദനം. 70.65 ലക്ഷമാണ് പ്രതിദിന പാലുത്പാദനം. തീരദേശ സംസ്ഥാനമായതിനാൽ കേരളം പലവിധ വെല്ലുവിളികൾ നേരിടുന്നു്. ലേബർ കോസ്റ്റ്, സ്ഥല ദൗർലഭ്യം എന്നിവ പ്രതിബന്ധങ്ങളാണെങ്കിലും ക്ഷീരകാർഷിക മേഖലയിൽ ഏറെ മുന്നോട്ട് പോകാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടു്. മിൽമയുടെ പ്രവർത്തനം രാജ്യത്തിന് തന്നെ മാതൃകയാണെന്ന് മന്ത്രി ചൂിക്കാട്ടി. ക്ഷീരോത്പാദനത്തിൽ സ്വയംപര്യാപ്തമാകാൻ കേരളത്തിന് ഇതുവരെ കഴിഞ്ഞിട്ടില്ല. കേരളത്തിനനുയോജ്യമായ ശാസ്ത്രീയ ക്ഷീര മാനേജ്മെൻറ് സംവിധാനം വേണമെന്നും ചിഞ്ചുറാണി പറഞ്ഞു. ക്ഷീരകർഷകരുടെ വരുമാനം വർധിപ്പിക്കാൻ നൂതന മാർഗങ്ങൾ തേടണമെന്നും മന്ത്രി നിർദേശിച്ചു. പാൽ ക്ഷാമം നേരിട്ടിരുന്ന അവസ്ഥയിൽ നിന്ന് ലോകത്തിലെ ഏറ്റവും വലിയ പാൽഉദ്പാദന രാജ്യമായി ഇന്ത്യ വളർന്നതിൽ ദശലക്ഷക്കണക്കിനു ക്ഷീരകർഷകരുടെ അത്യധ്വാനമുന്ന് ഉദ്ഘാടന ചടങ്ങിൽ വെർച്ചലായി മുഖ്യപ്രഭാഷണം നടത്തിയ കേന്ദ്ര ഫിഷറീസ്, മൃഗസംരക്ഷണ, ക്ഷീര വകുപ്പ് മന്ത്രി രാജീവ് രഞ്ജൻ സിംഗ് പറഞ്ഞു. ക്ഷീരമേഖലയിൽ നവീകരണം അനിവാര്യമാണ്. നൂതന സാങ്കേതിക വിദ്യകളും പുതിയ വിപണി സാധ്യതകളും കത്തെണം. രാജ്യത്തെ നൂറ് ദശലക്ഷം കുടുംബങ്ങളുടെ ജീവിതമാർഗമായ ക്ഷീരമേഖല ഇന്ത്യയിലെ 1.4 ദശലക്ഷം ജനങ്ങൾക്ക് പോഷകാഹാര സുരക്ഷ ഉറപ്പാക്കുന്നുവെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. ക്ഷീരമേഖലയിൽ കർഷക സൗഹൃദ നൂതന രീതികൾ അനിവാര്യമാണെന്നും കേന്ദ്രമന്ത്രി ചൂിക്കാട്ടിഐഡിഎഫ് പ്രസിഡൻറ് ഡോ. പിയർക്രിസ്റ്റ്യാനോ ബ്രസാലെ ആമുഖ പ്രഭാഷണം നടത്തി.

കേന്ദ്ര അനിമൽ ഹസ്ബൻഡറി ആന്റ് ഡയറിയിങ്ങ് വകുപ്പ് സെക്രട്ടറിയും ഐഡിഎഫിന്റെ ഇന്ത്യൻ നാഷണൽ കമ്മിറ്റി പ്രസിഡന്റുമായ അൽക്ക ഉപാധ്യായ,അരുണാചൽ പ്രദേശ് ക്ഷീരവകുപ്പ് മന്ത്രി ഗബ്രിയേൽ ഡെൻവാങ് വാങ്സു, എൻഡിഡിബി ചെയർമാനും ഐഡിഎഫിന്റെ ഇന്ത്യൻ നാഷണൽ കമ്മിറ്റി മെമ്പർ സെക്രട്ടറിയുമായ ഡോ. മീനേഷ് ഷാ, കേന്ദ്ര അനിമൽ ഹസ്ബൻഡറി ആന്റ് ഡയറിയിങ്ങ് വകുപ്പ് സെക്രട്ടറിയും ഐഡിഎഫിന്റെ ഇന്ത്യൻ നാഷണൽ കമ്മിറ്റി പ്രസിഡന്റുമായ അൽക്ക ഉപാധ്യായ;ഐഡിഎഫ് പ്രസിഡൻറ് ഡോ. പിയർക്രിസ്റ്റ്യാനോ ബ്രസാലെ ;കേന്ദ്ര ക്ഷീര, മൃഗസംരക്ഷണ വകുപ്പ് അഡീഷണൽ സെക്രട്ടറി വർഷ ജോഷി,അരുണാചൽ പ്രദേശ് ക്ഷീര വകുപ്പ് മന്ത്രി ഗബ്രിയേൽ ഡെൻവാങ് വാങ്സു,എഫ് എ ഒ ഇന്ത്യ ടകയുകി ഹാഗിവാര, സംസ്ഥാന ക്ഷീര, മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറി പ്രണബ്ജ്യോതിനാഥ്, ഐഡിഎഫ് ഡയറക്ടർ ജനറൽ ലോറൻസ് റിക്കൻ എന്നിവർ സംസാരിച്ചു

മൂന്ന് ദിവസം നീുനിൽക്കുന്ന സമ്മേളനത്തിൽ ഇരുപത് രാജ്യങ്ങളിൽ നിന്നുള്ള 1000 പ്രതിനിധികളും 500 കർഷകരും പങ്കെടുക്കുന്നു്.

# ഏഷ്യൻ ചാമ്പ്യൻഷിപ്പിൽ വർഗീസ് രാജന് 3 മെഡൽ



**കൊച്ചി:** ഉസ്ബെക്കിസ്താനിൽ നടന്ന ഏഷ്യൻ കോമ്പാറ്റ് ജുജുത്സു ചാമ്പ്യൻഷിപ്പിൽ മലയാളി താരം വർഗീസ് രാജൻ മൂന്ന് മെഡലുകളുമായി തിളങ്ങി. സബ്ജൂനിയർ വിഭാഗം 45 കി.ഗ്രാം ഫുൾ കോൺടാക്റ്റ്, ക്ലോസ് കോൺടാക്റ്റ്, ഗ്രൗ ഫൈറ്റ് എന്നിവയിലാണ് വർഗീസ് രാജൻ വെങ്കല മെഡൽ നേടിയത്. 13കാരനായ വർഗീസിന്റെ ആദ്യ രാജ്യാന്തര മത്സരം കൂടിയായിരുന്നു ഇത്. രാജഗിരി ക്രിസ്തുജയന്തി പബ്ലിക് സ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർഥിയാണ്. തൃപ്പൂണിത്തുറയിലെ ഇന്റർനാഷണൽ മാർഷ്യൽ ആർട്സ് അക്കാദമിയിലാണ് പരിശീലിക്കുന്നത്. കുറാഷ് അസോസിയേഷൻ ഓഫ് ഇന്ത്യ പ്രസിഡന്റ് രാജൻ വർഗീസിന്റെയും, കോമ്പാറ്റ് ജുജുത്സു ഫെഡറേഷൻ ഓഫ് ഇന്ത്യ പ്രസിഡന്റ് ടെസ്നിയുടെയും മകനാണ്

# സിഎംഎഫ്ആർഐയിൽ യങ് പ്രൊഫഷണൽ ഒഴിവുകൾ

**കൊച്ചി:** കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) കരാർ അടിസ്ഥാനത്തിൽ യങ് പ്രൊഫഷണലിന്റെ് ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഗൂഗിൾഫോം വഴി ഓൺലൈനായാണ് അപേക്ഷ സ്വീകരിക്കുന്നത്. അപേക്ഷിക്കേ അവസാന തീയതി ജൂലൈ 14. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്. വെബ്സൈറ്റ് www.cmfri.org.in.

# ഇടുക്കിയിൽ ഇന്നും രാത്രി യാത്രയ്ക്ക് നിരോധനം

**കൊച്ചി:** ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ച സാഹചര്യത്തിൽ ജില്ലയിലെ രാത്രി യാത്രയ്ക്ക് ഇന്നും നിരോധനം ഉാകുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു

# വൈദ്യുതി സുരക്ഷാ അവബോധമെത്തിക്കണം

**കൊച്ചി:** സ്കൂൾ വിദ്യാർഥികൾക്കിടയിൽ വൈദ്യുതി സുരക്ഷാ അവബോധമെത്തിക്കുന്നതിന് കൂടുതൽ പ്രചാരണ പ്രവ4ത്തനങ്ങൾ നടത്തണമെന്ന് ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ്. ഇലക്ട്രിക്കൽ ഇ9സ്പെക്ടറേറ്റ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന വൈദ്യുതി സുരക്ഷാ വാരാചരണം ജില്ലാതല ഉദ്ഘാടനം നി4വഹിക്കുകയായിരുന്നു അദ്ദേഹം. സുരക്ഷ സ്കൂൾ തലത്തിൽ നിന്ന് തുടങ്ങാം എന്നതാണ് ഈ വർഷത്തെ വൈദ്യുതി സുരക്ഷാ വാരാചരണത്തിന്റെ മുദ്രാവാക്യം. വൈദ്യുതി സുരക്ഷയെക്കുറിച്ചുള്ള പ്രത്യേക മൊഡ്യൂൾ തയാറാക്കി സ്കൂളുകളിൽ ലഭ്യമാക്കണം. വൈദ്യുതി അപകടങ്ങളെക്കുറിച്ചും സുരക്ഷാ മു9കരുതലുകളെക്കുറിച്ചും പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി സമൂഹ മാധ്യമങ്ങൾ വഴിയുള്ള പ്രചാരണം ശക്തമാക്കണം. വ്യക്തിയുടെയും ജീവന്റെയും സുരക്ഷ ഏറെ പ്രധാനമാണെന്നും ജില്ലാ കളക്ടർ പറഞ്ഞു. ജില്ലാ ആസൂത്രണ സമിതി കോൺഫറൻസ് ഹാളിൽ നടന്ന പരിപാടിയിൽ ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ രാജേഷ് ജോർജ്, ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർമാരായ എ.എം. രാജേന്ദ്രൻ, എം.എം. മിനി, എറണാകുളം സർക്കിൾ എക്സിക്യൂട്ടീവ് എൻജീനീയർ ഇൻ ചാർജ് ജയശ്രീ ദിവാകരൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ആലുവ ഡിവിഷൻ കെ.എ. പ്രദീപ്, തൃക്കാക്കര ഫയൻ സ്റ്റേഷൻ ഓഫീസർ ബി. ബൈജു,ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് ആന്റ് ബോയ്‌ലേഴ്സ് വി.ആർ ഷിബു എന്നിവർ പങ്കെടുത്തു.





സൊസൈറ്റി ടുഡേ
SOCIETY TODAY

# പകർച്ചവ്യാധി പ്രതിരോധം; ഉറവിട നശീകരണം ശക്തമാക്കും



**കൊച്ചി:** ജില്ലയിലെ പകർച്ചവ്യാധി പ്രതിരോധ പ്രവ4ത്തനങ്ങൾ കൂടുതൽ ശക്തമാക്കാൻ ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷിന്റെ നേതൃത്വത്തിൽ ചേ4ന്ന യോഗത്തിൽ തീരുമാനം. കൊതുകിന്റെ ഉറവിട നശീകരണവുമായി ബന്ധപ്പെട്ട പ്രവ4ത്തനങ്ങൾ ശക്തമാക്കാനും ജില്ലാ കളക്ട4 നി4ദേശിച്ചു. ഇതിനായി ഓരോ തദ്ദേശ സ്ഥാപന സെക്രട്ടറിമാരെയും ഏകോപിപ്പിച്ച് പ്രവ4ത്തിക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പിന് ജില്ലാ കളക്ടർ നിർദേശം നൽകി.
ഡെങ്കിപ്പനി വ്യാപനം തടയുന്നതിനായി കൊതുകുകളുടെ ഉറവിട നശീകരണം കൂടുതൽ കാര്യക്ഷമമാക്കും. സ്ഥിരമായി ചില മേഖലകൾ കേന്ദ്രീകരിച്ച് രോഗ വ്യാപനമുണ്ടാകുന്നുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യവകുപ്പ്, ആശാ പ്രവർത്തകർ, ഹരിത കർമ്മസേന എന്നിവ സംയുക്തമായി ഉറവിട നശീകരണ പ്രവ4ത്തനങ്ങൾ കാര്യക്ഷമമാക്കും. നഗരമേഖലകളിലും തോട്ടം മേഖലകളിലും ഇടപെടൽ ശക്തമാക്കും. ഉറവിട നശീകരണവുമായി ബന്ധപ്പെട്ട ബോധവത്കരണം സ്കൂളുകൾ വഴി നടത്തും. ഡ്രൈ ഡേ ആചരണം, ഫോഗിംഗ്, തൊഴിലുറപ്പ് തൊഴിലാളികൾക്കുള്ള ടാബ് ലെറ്റ് വിതരണം എന്നിവ ഊർജിതമാക്കും. മാലിന്യങ്ങൾ കുന്നുകൂടുന്ന സ്ഥലങ്ങൾ കണ്ടെത്തി അടിയന്തരമായി മാലിന്യം നീക്കാ9 നടപടി സ്വീകരിക്കണം. ഇതിനായി പഞ്ചായത്ത് തലത്തിൽ പ്രവർത്തനം ഊർജിതമാക്കാനും ജില്ലാ കളക്ടർ നിർദേശിച്ചു. ജില്ലാ കളക്ടറുടെ ചേംബറിൽ ചേർന്ന യോഗത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കെ.സക്കീന ഓൺലൈനായി പങ്കെടുത്തു. ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കെ. സവിത, അഡീഷണൽ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കെ.കെ. ആശ, ആ4സിഎച്ച് ഓഫീസർ ഡോ. എം.എസ്. രശ്മി, എൻഎച്ച്എം ജില്ലാ പ്രൊജക്ട് മാനേജർ ഇൻ ചാർജ് ഡോ. വ്യാസ് സുകുമാരൻ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# ആമസോണിൽ ബ്യൂട്ടി സ്റ്റോറുകളും സ്കിൻകെയർ അഡ്വൈസർ ടൂളും ആരംഭിച്ചു

**കൊച്ചി:** ആമസോണിൽ പുതിയ ഡെർമ സ്റ്റോർ, അപ്ഗ്രേഡ് ചെയ്ത ഗ്ലോബൽ ബ്യൂട്ടി സ്റ്റോർ 2.0, ഇന്നൊവേറ്റീവ് സ്കിൻകെയർ അഡ്വൈസർ ടൂൾ എന്നിവ ആരംഭിച്ചു. ഡെർമ സ്റ്റോറിൽ നിന്ന് സെറാവെ, അവേനി, സെറ്റാഫിൽ, ബയോഡെർമ, സെബാമെഡ്, ലാ ഷീൽഡ്, എപിസോഫ്റ്റ് എന്നിങ്ങനെയുള്ള ബ്രാൻഡുകളുടെ പ്രത്യേകം സജ്ജമാക്കിയ ഉത്പന്നങ്ങൾ 35% വരെ ഇളവോടെ ലഭിക്കും.വ്യക്തിഗത ചർമ്മ പ്രശ്നങ്ങളും മുൻഗണനകളും അടിസ്ഥാനമാക്കി അനുയോജ്യമായ സ്കിൻകെയർ പരിഹാരങ്ങൾ നൽകുന്ന ടൂളാണ് ഇന്നൊവേറ്റീവ് സ്കിൻകെയർ അഡ്വൈസർ ടൂൾ. അപ്ഗ്രേഡ് ചെയ്ത ഗ്ലോബൽ ബ്യൂട്ടി സ്റ്റോർ 2.0 ൽ, അനസ്താസിയ ബെവർലി ഹിൽസ്, ഇ എൽ എഫ് കോസ്മെറ്റിക്സ്, നൂഡ്സ്റ്റിക്സ്, അനുവ, ആക്സിസ്വൈ, ഇൻഡി വൈൽഡ്,ബ്യൂട്ടി ഓഫ് ജോസോൺ എന്നിങ്ങനെ കൊറിയ, ജപ്പാൻ, ഫ്രാൻസ്, യുകെ മുതലായ രാജ്യങ്ങളിൽ നിന്നുള്ള പുതിയ 60ലധികം ബ്രാൻഡുകളുടെ ഉത്പന്നങ്ങൾ 40% വരെ ഇളവോടെ ലഭ്യമാണ്.

# ബി.എഡ് / ഡി.എൽ.എഡ് ഡിപ്പാർട്ട്മെന്റ് ക്വാട്ട

**തിരുവനന്തപുരം:** 202426 അധ്യയന വർഷം ബി.എഡ് / ഡി.എൽ.എഡ് ഡിപ്പാർട്ട്മെന്റ് ക്വാട്ടയിലേക്കു പ്രവേശനത്തിന് പൊതു വിദ്യാഭ്യാസ വകുപ്പിലെ അധ്യാപക / അധ്യാപകേതര ജീവനക്കാരിൽ നിന്നു പൊതു വിദ്യാഭ്യാസ ഡയറക്ടർ അപേക്ഷകൾ ക്ഷണിച്ചു. അപേക്ഷാഫോറത്തിന്റെ മാതൃകയും വിശദവിവരങ്ങളും വിദ്യാഭ്യാസ ഉപഡയറക്ടറാഫീസുകളിലും www.education.kerala.gov.in എന്ന വെബ്സൈറ്റിലും ലഭിക്കും. അപേക്ഷകൾ പൊതു വിദ്യാഭ്യാസ ഡയറക്ടറാഫീസിൽ ലഭിക്കേണ്ട അവസാന തീയതി ജൂലൈ 10 ന് വൈകിട്ട് 5 മണി.

# മസ്റ്ററിങ് നടത്തണം

**തിരുവനന്തപുരം:** കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ പെൻഷൻ ഉപഭോക്താക്കൾക്ക് വീും പെൻഷൻ മസ്റ്ററിങ് ചെയ്യുവാൻ സർക്കാർ ഉത്തരവായി. 2023 ഡിസംബർ 31 വരെ പെൻഷൻ അനുവദിച്ച എല്ലാ ഉപഭോക്താക്കളും പെൻഷൻ തുടർന്ന് ലഭിക്കുന്നതിനായി ഓഗസ്റ്റ് 24 വരെയുള്ള കാലയളവിൽ നിർബന്ധമായും മസ്റ്ററിംഗ് ചെയ്യണം. ഗുണഭോക്താക്കൾ തങ്ങളുടെ ആധാർ കാർഡുമായി അക്ഷയ കേന്ദ്രങ്ങളിലെത്തി മസ്റ്ററിംഗ് പൂർത്തീകരിക്കണമെന്ന് ജില്ലാ എക്സിക്യൂട്ടിവ് ഓഫീസർ അറിയിച്ചു.

# ഗസ്റ്റ് ഇന്റർപ്രട്ടർ ഒഴിവ്

തിരുവനന്തപുരം: തിരുവനന്തപുരം, കൈമനം സർക്കാർ വനിതാ പോളിടെക്നിക് കോളേജിലെ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് ഒക ബാച്ചിൽ ഗസ്റ്റ് ഇന്റർപ്രട്ടർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്തുന്നു. എംഎ സൈക്കോളജി, എംഎ സോഷ്യോളജി, എംഎസ്ഡബ്ല്യു എന്നിവയിൽ ഏതെങ്കിലുമൊന്നും ഇന്ത്യൻ സൈൻ ലാംഗ്വേജിൽ ഡിപ്ലോമയുമുള്ളവർക്ക് അപേക്ഷിക്കാം.

# ഫെസിലിറ്റേഷൻ ട്രെയിനിങ് ഇന്ന്

**കൊച്ചി:** 2024 ലോക് സഭാ തിരഞ്ഞെടുപ്പിൽ മത്സരിച്ച സ്ഥാനാർത്ഥികളുടെ വരവ് ചെലവ് കണക്കുകൾ അനുരഞ്ജനം ചെയ്യുന്നതിനായി കണക്കുകൾ എഴുതി തയ്യാറാക്കുന്നതിന് സ്ഥാനാർഥി/ഏജന്റുമാർക്കുള്ള ഫെസിലിറ്റേഷൻ ട്രെയിനിങ് ഇന്ന് രാവിലെ 10 30 ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കും. സ്ഥാനാർത്ഥികൾ അഥവാ അവർ ചുമതലപ്പെടുത്തിയ ഏജന്റുമാർ ഈ പരിശീലനത്തിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.
കൂടാതെ സ്ഥാനാർത്ഥികൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയ ദൈനംദിന വരവ് ചെലവ് കണക്കുകളും ഇലക്ഷൻ എക്സ്പെ9ഡിച്ച4 മോണിറ്ററിംഗ് മെക്കാനിസം കണ്ടെത്തി ഷാഡോ ഒബ്സർവേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയ ചെലവ് കണക്കുകളും തമ്മിലുള്ള പൊരുത്തക്കേട് പരിഹരിക്കുന്നതിനായി ഒരു അനുരഞ്ജന യോഗം ജൂലൈ ഒന്നിന് രാവിലെ 10 30 ന് തിരഞ്ഞെടുപ്പ് നിരീക്ഷകരുടെ സാന്നിധ്യത്തിൽ കളക്ടറേറ്റ് സ്പാർക്ക് ഹാളിൽ ചേരും.

# ആഗോളതലത്തിൽ ദുരന്തനിവാരണ വിദഗ്ധരെ സൃഷ്ടിക്കാൻ അവസരമൊരുക്കി സർക്കാർ

**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ റവന്യൂ വകുപ്പ് പരിശീലന കേന്ദ്രമായ ഇ9സ്റ്റിറ്റ്യൂട്ട് ഓഫ് ലാ9ഡ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റിൽ ദുരന്തനിവാരണത്തിൽ ദ്വിവത്സര എം ബി എ കോഴ്സ് നടത്തുന്നു. 2023 ൽ ആരംഭിച്ച പ്രോഗ്രാമിന്റെ രണ്ടാമത്തെ ബാച്ചിന്റെ അഡ്മിഷൻ ആണ് ആരംഭിക്കുന്നത്. അന്താരാഷ്ട്ര തലങ്ങളിൽ തൊഴിൽ സാധ്യതകൾ എങ്ങനെ കണ്ടെത്തി വിനിയോഗിക്കാം എന്ന് പുതുതലമുറയെ പരിശീലിപ്പിക്കാനുള്ള ഉദ്യമമാണ് സർക്കാർ നടത്തുന്നത്. അമേരിക്കൻഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടുകൂടി അമേരിക്കയിൽ നിന്നുള്ള അധ്യാപകർ എത്തിയാണ് കോഴ്സ് നടത്തുന്നത്. കേന്ദ്രസർക്കാരിന്റെ വയർലെസ് ലൈസൻസ്, പ്രഥമ ശുശ്രൂഷയിൽ അന്താരാഷ്ട്ര സർട്ടിഫിക്കറ്റ്, ജോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം, അഡ്വഞ്ചർ അക്കാദമിയുമായി സഹകരിച്ചുള്ള കോഴ്സുകൾ, ഇംഗ്ലീഷ് പരിജ്ഞാനം വർധിപ്പിക്കുന്നതിനുള്ള പദ്ധതികൾ തുടങ്ങിയവയെല്ലാം ആണ് ആഡ് ഓൺ പ്രോഗ്രാമുകളായി ഇതോടൊപ്പം നടത്തിവരുന്നത്. എല്ലാ മാസവും സംസ്ഥാനത്തെ ഉയർന്ന ഐഎഎസ് ഉദ്യോഗസ്ഥർ ക്ലാസുകൾ എടുക്കും. എല്ലാ മാസവും മൂന്നാം ശനിയാഴ്ച ഒരു ദുരന്തമേഖലയിലേക്കുള്ള പഠനയാത്ര നടത്തും. ദുരന്തനിവാരണ മേഖലയിൽ പ്രവർത്തിക്കുന്ന ദേശീയ അന്തർദേശീയ തലങ്ങളിൽ വിദഗ്ധർ വിദ്യാർഥികളുമായി തുടർച്ചയായി സമ്പർക്കത്തിൽ വരുന്നു. റവന്യൂ വകുപ്പ് മന്ത്രി ചെയർമാനായ ഗവേണിംഗ് ബോഡിയാണ് കോഴ്സിന്റെ ഏകോപനം. ഫീൽഡ് തല പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്ന കോഴ്സിൽ എല്ലാ സെമസ്റ്ററിലും, ഒരാഴ്ച നീണ്ടുനിൽക്കുന്ന ദേശീയ അന്തർദേശീയ പഠനയാത്രകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ആണവ സുരക്ഷ, രാസ സുരക്ഷ, തീരദേശ സുരക്ഷ തുടങ്ങിയ വിഷയങ്ങളിൽ സവിശേഷ പഠന അവസരങ്ങളും ഒരുക്കുന്നു. ഇന്ത്യയിലെ ആദ്യത്തെ എ ഐ സിടി ഇ അംഗീകൃത ദുരന്തനിവാരണ എംബിഎ കോഴ്സാണിത്. ചഅഅഇ അ++ റാങ്കുള്ള കേരള യൂണിവേഴ്സിറ്റിയാണ് സർട്ടിഫിക്കറ്റുകൾ നൽകുന്നത്. താൽപര്യമുള്ള വിദ്യാർഥികൾക്ക് കോഴ്സിന് അപേക്ഷിക്കാം. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 2024 ജൂലൈ 8. കൂടുതൽ വിവരങ്ങൾക്ക് വേുേ:/ശഹറാ.സലൃമഹമ.ഴീ.ശി/ എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഋാമശഹ: ശഹറാ.ൃല്ലിൗല@ഴാമശഹ.രീാ, ഫോൺ: 8547610005, ണവമെേമു: 8547610006

# പൊരിങ്ങൽകുത്ത് ഡാമിൽ റെഡ് അലർട്ട്

**തൃശൂർ:** പൊരിങ്ങൽകുത്ത് ഡാമിന്റെ വൃഷ്ടിപ്രദേശങ്ങളിൽ മഴ തുടരുന്നതിനാൽ ഓറഞ്ച് അലർട്ട് ഉയർത്തി മൂന്നാംഘട്ട മുന്നറിയിപ്പായ റെഡ് അലർട്ട് പ്രഖ്യാപിച്ചു. മഴയുടെ തോതും ഒഴുകിയെത്തുന്ന വെള്ളത്തിന്റെ അളവും കൂടുന്നതിനാൽ ജലാശയ നിരപ്പ് ഉയർന്നുകൊണ്ടിരിക്കുകയാണ്. ഡാമിലെ ഇപ്പോഴത്തെ ജലനിരപ്പ് +423 മീറ്റർ ആണ്. 424 മീറ്ററാണ് പരമാവധി സംഭരണശേഷി. പരമാവധി സംഭരണശേഷിയിൽ ജലനിരപ്പെത്തിയാൽ ജലം തുറന്നുവിടുമെന്നതിനാൽ ചാലക്കുടി പുഴയുടെ ഇരുകരകളിലുമുള്ളവർ ജാഗ്രത പാലിക്കണമെന്ന് ജില്ലാ ദുരന്ത പ്രതിരോധ വിഭാഗം അറിയിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# എയർ ഇന്ത്യ എക്സ്പ്രസിൽ സ്പ്ലാഷ് സെയിൽ

**കൊച്ചി:** 883 രൂപ മുതൽ ആരംഭിക്കു വിമാന ടിക്കറ്റുമായി എയർ ഇന്ത്യ എക്സ്പ്രസ് അതിന്റെ ഏറ്റവും വലിയസ്പ്ലാഷ് സെയിൽ ആരംഭിച്ചു. 2024 സെപ്റ്റംബർ 30 വരെയുള്ള യാത്രകൾക്കായി ജൂ 28 വരെ എയർ ഇന്ത്യ എക്സ്പ്രസ് വെബ്സൈറ്റിലൂടെയും (മശൃശിറശമലഃ്യൂലൈ.രീാ) മൊബൈൽ ആപ്പിലൂടെയും ബുക്ക് ചെയ്യു ടിക്കറ്റുകളാണ് 883 രൂപ മുതലുള്ള എക്സ്പ്രസ് ലൈറ്റ് നിരക്കിൽ ലഭിക്കുക. മറ്റ് ബുക്കിംഗ് ചാനലുകളിലൂടെയും ബുക്ക് ചെയ്യു ടിക്കറ്റുകൾ 1096 രൂപ മുതലുള്ള എക്സ്പ്രസ് വാല്യൂ നിരക്കിലും ലഭിക്കും.വെബ്സൈറ്റിലൂടെ ബുക്ക് ചെയ്ത് ചെക്ക് ഇൻ ബാഗേജ് ഇല്ലാതെ യാത്ര ചെയ്യുവർക്ക് എക്സ്പ്രസ് ലൈറ്റ് നിരക്കുകളിൽ പ്രത്യേക ഡിസ്ക്കൗണ്ട് ലഭിക്കും. എക്സ്പ്രസ് ലൈറ്റ് നിരക്കുകളിൽ 3 കിലോ അധിക ക്യാബിൻ ബാഗേജ് സൗജന്യമായും ലഭിക്കും. കൂടുതൽ ലഗേജ് ഉള്ളവർക്ക് ആഭ്യന്തര വിമാനങ്ങളിൽ 15 കിലോ ചെക്ക് ഇൻ ബാഗേജിന് 1000 രൂപയും അന്താരാഷ്ട്ര വിമാനങ്ങളിൽ 20 കിലോയ്ക്ക് 1300 രൂപയുമാണ് ഈടാക്കുക.വെബ്സൈറ്റിലൂടെ ടിക്കറ്റെടുക്കു എയർ ഇന്ത്യ എക്സ്പ്രസ് ലോയൽറ്റി അംഗങ്ങൾക്ക് 100 മുതൽ 400 രൂപ വരെ പ്രത്യേക കിഴിവിന് പുറമേ 8 ശതമാനം വരെ ന്യൂ കോയിനുകൾ, 50 ശതമാനം കിഴിവിൽ ബിസ്, പ്രൈം സീറ്റുകൾ, 25 ശതമാനം കിഴിവിൽ ഗോർമേർ ഭക്ഷണം, 33 ശതമാനം കിഴിവിൽ പാനീയങ്ങൾ എിവയും ലഭിക്കും. വിദ്യാർഥികൾ, മുതിർ പൗരർ, ചെറുകിട ഇടത്തരം സംരംഭകർ, ഡോക്ടർ, നഴ്സ്,



സായുധ സേനാംഗങ്ങൾ, അവരുടെ ആശ്രിതർ എിവർക്കും വെബ്സൈറ്റിലൂടെയും മൊബൈൽ ആപ്പിലൂടെയും പ്രത്യേക കിഴിവിൽ ടിക്കറ്റ് ബുക്ക് ചെയ്യാം.ബിസിനസ് ക്ലാസിന് തത്തുല്യമായ എക്സ്പ്രസ് ബിസ് നിരക്കുകൾ എയർ ഇന്ത്യ എക്സ്പ്രസിന്റെ എല്ലാ പുതിയ ബോയിംഗ് 7378 വിമാനങ്ങളിലും ലഭ്യമാണ്. മികച്ച യാത്രാ അനുഭവത്തിനായി 58 ഇഞ്ച് വരെ സീറ്റുകൾ തമ്മിൽ അകലമുള്ള എക്സ്പ്രസ് ബിസ് വിഭാഗത്തിലേക്ക് ടിക്കറ്റ് മാറ്റുതിനും അവസരമുണ്ട്. അതിവേഗ വികസനത്തിന്റെ ഭാഗമായി ഓരോ മാസവും പുതിയ നാല് വിമാനങ്ങളാണ് എയർ ഇന്ത്യ എക്സ്പ്രസിന്റെ ഫ്ലീറ്റിലേക്ക് ഉൾപ്പെടുത്തുത്. 2023 ഒക്ടോബറിന് ശേഷം ഉൾപ്പെടുത്തിയ 20 ലധികം പുതിയ വിമാനങ്ങളിൽ 4 മുതൽ 8 വരെ ബിസ് ക്ലാസ് സീറ്റുകളുമുണ്ട്.

# പാരിസ് ഒളിമ്പിക്സിൽ ഇന്ത്യ ഹൗസ്; പ്രഖ്യാപനം നടത്തി റിലയൻസ് ഫൗണ്ടേഷൻ

**മുംബൈ/ കൊച്ചി:** അടുത്ത മാസം നടക്കുന്ന 'പാരീസ് 2024 ഒളിമ്പിക്സി'ൽ ഇന്ത്യൻ ഒളിമ്പിക്സ് അസോസിയേഷനു(ഐഒഎ)മായുള്ള പങ്കാളിത്തത്തിന്റെ ഭാഗമായി റിലയൻസ് ഫൗണ്ടേഷനാണ് ഇന്ത്യ ഹൗസ് വിഭാവനം ചെയ്തിരിക്കുന്നത്.ടെക്നോളജിയിലും ഡിജിറ്റലൈസേഷനിലുമുള്ള പുരോഗതിയ്ക്കൊപ്പം ഇന്ത്യയുടെ ചരിത്രപരമായ ഭൂതകാലവും ഊർജ്ജസ്വലമായ വർത്തമാനവും ആവേശകരമായ ഭാവിയും പ്രദർശിപ്പിക്കുകയും പ്രതിഫലിപ്പിക്കുകയും ചെയ്യുന്ന, രാജ്യത്തിന്റെ സമ്പന്നമായ സാംസ്കാരിക കായിക പൈതൃകത്തിന്റെ ആഘോഷമായിരിക്കും ഇന്ത്യാ ഹൗസ്. പാരീസ് ഒളിമ്പിക്സിൽ ചരിത്രത്തിലെ ആദ്യ ഇന്ത്യാ ഹൗസ് പ്രഖ്യാപിക്കുന്നതിൽ തനിക്ക് അതിയായ സന്തോഷവും ആവേശവുമുണ്ടെന്ന് ഐഒസി അംഗവും റിലയൻസ് ഫൗണ്ടേഷൻ സ്ഥാപക ചെയർപേഴ്സണുമായ നിത എം അംബാനി പറഞ്ഞു.40 വർഷത്തിനിടെ ആദ്യമായി കഴിഞ്ഞ വർഷം ഇന്ത്യയിൽ നടന്ന ഐഒസി സെഷൻ നമ്മുടെ ഒളിമ്പിക് യാത്രയിലെ ഒരു സുപ്രധാന നാഴികക്കല്ലായിരുന്നു. നമ്മുടെ കായികതാരങ്ങളെ ആദരിക്കാനും വിജയങ്ങൾ ആഘോഷിക്കാനും കഥകൾ പങ്കിടാനും ലോകത്തെ ഇന്ത്യയിലേക്ക് സ്വാഗതം ചെയ്യാനുമുള്ള ഇടമായ ഇന്ത്യാ ഹൗസിന്റെ സമാരംഭത്തോടെ ഈ മുന്നേറ്റം തുടരുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്,' ഐഒസി അംഗവും റിലയൻസ് ഫൗണ്ടേഷൻ സ്ഥാപക ചെയർപേഴ്സണുമായ നിത എം അംബാനി പറഞ്ഞു.ഒളിമ്പിക്സ് മുന്നേറ്റം ഇന്ത്യയിലേക്ക് കൊണ്ടുവരാനുള്ള 1.4 ബില്യൺ ഇന്ത്യക്കാരുടെ വലിയ സ്വപ്നം സാക്ഷാത്കരിക്കുന്നതിനുള്ള ഒരു ചുവടുവയ്പ്പായി ഇന്ത്യാ ഹൗസ് മാറുമെന്ന് ഞങ്ങൾ ആത്മാർത്ഥമായി പ്രതീക്ഷിക്കുന്നുവെന്നും നിത അംബാനി കൂട്ടിച്ചേർത്തു.




# ആക്സിസ് നിഫ്റ്റി 500 ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ചു

**കൊച്ചി:** ആക്സിസ് മ്യൂചൽ ഫണ്ടിൻറെ ആക്സിസ് നിഫ്റ്റി 500 ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ചു. ന്യൂ ഫണ്ട് ഓഫർ ജൂൺ 26 മുതൽ ജൂലൈ ഒൻപതു വരെ നടക്കും. നിഫ്റ്റി 500 ടിആർഐ അടിസ്ഥാനമാക്കിയുള്ള ഈ ഓപൺ എൻഡഡ് ഇൻഡക്സ് പദ്ധതിയുടെ കുറഞ്ഞ നിക്ഷേപം 100 രൂപയാണ്. തുടർന്ന് ഓരോ രൂപയുടെ അധിക നിക്ഷേപവും നടത്താം. ഇന്ത്യൻ കമ്പനികളുടെ മുന്നേറ്റത്തിൽ പങ്കാളികളാകാനുള്ള അവസരമാണ് ഈ പദ്ധതി മുന്നോട്ടു വെക്കുന്നതെന്ന് ആക്സിസ് എഎംസി മാനേജിങ് ഡയറക്ടറും സിഇഒയുമായ ബി ഗോപകുമാർ പറഞ്ഞു.

# വ്യക്തിഗത ആരോഗ്യ ജീവിത ശൈലി മാനേജ്മന്റ് പ്രോഗ്രാം : സ്റ്റാർട്ട് അപ്പ് ആരംഭിച്ചു




**കൊച്ചി:** ഈ കാലത്ത് ഭക്ഷണത്തിനും വസ്ത്രത്തിനും അപ്പുറം സമൂഹം വലിയ ചിലവുകൾ നൽകുന്നത് ചികിത്സയ്ക്കായാണെന്ന് കെ.എൽ.എം ആക്സിവ ഫിൻവെസ്റ്റ് ചെയർമാൻ ഷിബു തെക്കുംപുറം പറഞ്ഞു. സ്ലിംമിഗോ വെയ്റ്റ് ലോസ് സൊല്യൂഷൻസ് നടത്തിയ ഹെൽത്ത് ഡിബേറ്റ് ആന്റ് കൊളാബറേഷൻ ഓപ്പർച്യൂണിറ്റി സെഷൻ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. വിവിധ വെല്ലുവിളികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ ആരോഗ്യ ജീവിത ശൈലി പരിപാലനത്തെ കുറിച്ച് മുതിർന്നവരെ ബോധവത്ക്കരിച്ചു സ്വയം പര്യാപ്തരാക്കുന്ന സേവനം വളരെ പ്രാധാന്യം അർഹിക്കുന്നുവെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു.സ്ലിംമിഗോ വെയ്റ്റ് ലോസ് സൊല്യൂഷൻസ് അഞ്ചു തലങ്ങളിൽ വർഷങ്ങളുടെ റിസർച്ച് വഴി രൂപപ്പെടുത്തിയ ചിട്ടകളാണ് ഒരു മാസം നീളുന്ന പരിശീലന പരിപാടിയിൽ നൽകുന്നത്.ആരോഗ്യ സംവാദ ചർച്ചയിൽ അജിത് ബസു മോഡറേറ്ററായിരുന്നു. വരുമാനത്തിന്റെ വലിയ ഭാഗം ചികിത്സയ്ക്കായി മാറ്റിവെക്കേി വരുന്നത് കുടുംബങ്ങളെ മുഴുവൻ ബാധിക്കുമെന്ന് ഡോ. ഇ വി അബ്രഹാം പറഞ്ഞു. മാനസികാരോഗ്യത്തിലുാകുന്ന വ്യതിയാനമാണ് പലപ്പോഴും ശാരീരിക ആരോഗ്യത്തെ ബാധിക്കുന്നതെന്ന് ഡോ. ഏലിയാസ് ജേക്കബ് പറഞ്ഞു. പ്രകൃതിയും ശരീരവും തമ്മിലുള്ള ലയനമാണ് ആരോഗ്യമെന്ന് ഡോ. അഞ്ജൽ തോമസ് പറഞ്ഞു.എക്സിക്യൂട്ടീവ് ഡയറക്ടർ ബിജോഷ് പോൾ പങ്കെടുത്തു.

# സീ 5 യുമായി സഹകരണം: വി പുതിയ സബ്സ്ക്രിപ്ഷൻ പ്ലാൻ അവതരിപ്പിച്ചു




**കൊച്ചി:** മുൻനിര ടെലികോം സേവനദാതാവായ വി ഒടിടി രംഗത്തെ മുൻനിരക്കാരിലൊന്നായ സീ 5 യുമായുള്ള സഹകരണം പ്രഖ്യാപിച്ചു. ഇതോടെ വി മൂവീസ് ആൻറ് ടിവി ആപ്പ് പ്രതിമാസം 248 രൂപയുടെ ഒരൊറ്റ സബ്സ്ക്രിപ്ഷൻ വഴി 17 ഒടിടി ആപ്പുകൾ ലഭ്യമാക്കും. ഡിസ്നി ഹോട്ട്സ്റ്റാർ, സോണിലിവ്, സീ5 എന്നീ മൂന്നു മുൻനിര ഒടിടി പ്ലാറ്റ് ഫോമുകളും ഒരു പ്ലാനിൽ ലഭ്യമാക്കുന്ന ഏക എൻറർടൈൻമെൻറ് ഡെസ്റ്റിനേഷൻ ആപ്പായും ഇതോടെ വീ മൂവീസ് ആൻറ് ടിവി മാറും.ഉപഭോക്താക്കളുടെ ആവശ്യങ്ങൾക്ക് അനുസൃതമായ സംവിധാനങ്ങൾ ലഭ്യമാക്കാൻ തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്ന് വോഡഫോൺ ഐഡിയ ചീഫ് മാർക്കറ്റിങ് ഓഫീസർ അവ്നീഷ് ഖോസ്ല പറഞ്ഞു. ഉപഭോക്താക്കളുടെ ചെലവു കുറക്കുക മാത്രമല്ല വിവിധ ഒടിടി ആപ്പുകൾ പ്രത്യേകമായി സബ്സ്ക്രൈബ് ചെയ്യുന്ന ബുദ്ധിമുട്ടു കൂടി ഇതിലൂടെ ഒഴിവാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ടൂറിസം വിപണിയിൽ തരംഗമായി കേരള ട്രാവൽ മാർട്ട് 2024

**കൊച്ചി:** സെപ്റ്റംബറിൽ നടക്കുന്ന പന്ത്രണ്ടാമത് കേരള ട്രാവൽ മാർട്ടിന് രാജ്യത്തിനകത്തും പുറത്തുമുള്ള വിപണിയിൽ വമ്പൻ പ്രതികരണം. ചരിത്രത്തിലാദ്യമായി കെടിഎമ്മിലെ ബയർ രജിസ്ട്രേഷൻ 2500 കടന്നു. കെടിഎമ്മിൻറെ 24 വർഷത്തെ ചരിത്രത്തിൽ ആദ്യമായായാണ് ആകെ ബയർ രജിസ്ട്രേഷൻ 2500 കടക്കുന്നത്.സെപ്തംബർ 26 മുതൽ 29 വരെ വെല്ലിംഗ്ടൺ ഐലൻറിലെ സാഗര സാമുദ്രിക കൺവെൻഷൻ സെൻററിലാണ് മാർട്ട് നടക്കുന്നത്. കെടിഎം 2024 ലെ ബിസിനസ് സെഷനുകൾ സെപ്റ്റംബർ 27, 28, 29 തീയതികളിൽ നടക്കും.2018 ലാണ് ഇതിനു മുമ്പ് ഏറ്റവുമധികം ബയർ രജിസ്ട്രേഷൻ രേഖപ്പെടുത്തിയിരുന്നത്.

അന്ന് വിദേശആഭ്യന്തര ബയർമാർ 1305 ആയിരുന്നു. ഇക്കുറി ആഭ്യന്തര ബയർ രജിസ്ട്രേഷൻ മാത്രം 1800 ഓളമെത്തി. വിദേശ ബയർമാർ 708 ആണ്. രജിസ്ട്രേഷൻ അടുത്ത മാസം വരെയുള്ള സാഹചര്യത്തിൽ ബയർ പ്രതിനിധികളുടെ എണ്ണം ഇനിയും വർധിക്കുമെന്നാണ് കണക്കുകൂട്ടുന്നത്.73 രാജ്യങ്ങളിൽ നിന്നായി ഇതു വരെ 708 വിദേശ ബയർമാരാണ് കെടിഎഎം 2024 നായി രജിസ്റ്റർ ചെയ്തിട്ടുള്ളത്. യുകെ(58), യുഎസ്എ(48), ഗൾഫ്(54), യൂറോപ്പ്(216), റഷ്യ(30), പൂർവേഷ്യ(100) എന്നിവിടങ്ങളിൽ നിന്നുള്ള ഉജ്ജ്വല പ്രതികരണത്തിന് പുറമേ ആഫ്രിക്കൻ രാജ്യങ്ങളിൽ(41) നിന്ന് അഭൂതപൂർവമായ രജിസ്ട്രേഷനാണ് വരുന്നത്.മഹാരാഷ്ട്ര(521), ഡൽഹി(302) ഗുജറാത്ത്(238) എന്നിവിടങ്ങളിൽ നിന്നാണ് ആഭ്യന്തര ബയർമാർ ഏറ്റവുമധികം രജിസ്റ്റർ ചെയ്തിട്ടുള്ളത്. മാർട്ടിലെ സ്റ്റാളുകൾക്കായി 334 പേരാണ് ഇതുവരെ താല്പര്യപത്രം നൽകിയിരിക്കുന്നത്.

എട്ട് വിഭാഗങ്ങളിലായാണ് ഇക്കുറി സ്റ്റാളുകൾ ക്രമീകരിക്കുകയെന്ന് കെടിഎം സൊസൈറ്റി പ്രസിഡൻറ് ജോസ് പ്രദീപ് പറഞ്ഞു. സംസ്ഥാന വിനോദസഞ്ചാരവകുപ്പിൻറെ പൂർണ സഹകരണം മന്ത്രി പി എ മുഹമ്മദ് റിയാസ് ഉറപ്പ് നൽകിയിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സമ്പൂർണ ഡിജിറ്റൽ വിപ്ലവവുമായാണ് കെടിഎം 2024 ൻറെ നടത്തിപ്പെന്ന് കെടിഎം സൊസൈറ്റി സെക്രട്ടറി എസ് സ്വാമിനാഥൻ പറഞ്ഞു. ബിടുബി കൂടിക്കാഴ്ചകളും മാർട്ടിൻറെ നടത്തിപ്പും സുഗമമാക്കിയിരുന്ന സോഫ്റ്റെയർ പരിഷ്കരിച്ചിട്ടുണ്ട്. കൂടാതെ ആദ്യമായി കെടിഎം മൊബൈൽ ആപ്പും ഇക്കുറിയുണ്ടാകും. ഹരിതമാനദണ്ഡങ്ങൾ കർശനമായി പാലിക്കുമെന്ന് ഉറപ്പ് വരുത്തുമെന്നും അദ്ദേഹം പറഞ്ഞു.2022 ൽ നടന്ന പതിനൊന്നാമത് കേരള ട്രാവൽ മാർട്ടിൽ 55,000 ലധികം വാണിജ്യ കൂടിക്കാഴ്ചകളാണ് മൂന്ന് ദിവസം കൊണ്ട് നടന്നത്. രാജ്യത്തിനകത്തു നിന്നും 900 പേരും വിദേശത്ത് നിന്നും 234 പേരുമടക്കം 1134 ബയർമാർ കെടിഎമ്മിനെത്തി. 302 സെല്ലർ സ്റ്റാളുകളാണ് കെടിഎം 2022 ൽ ഉണ്ടായിരുന്നത്.സെപ്തംബർ 22 മുതൽ 26 വരെ പ്രീമാർട്ട് ടൂർ നടക്കും. മാധ്യമപ്രവർത്തകർ, വ്ളോഗർമാർ, ഇൻഫ്ളുവൻസർമാർ എന്നിവർക്കാണ് പ്രീമാർട്ട് ടൂർ നടക്കുന്നത്.

സെപ്തംബർ 30 മുതൽ ഒക്ടോബർ നാല് വരെ മാർട്ടിനെത്തുന്ന തെരഞ്ഞെടുക്കപ്പെട്ട ബയർമാരെ ഉൾപ്പെടുത്തി പോസ്റ്റ് മാർട്ട് ടൂറുകളും ഉണ്ടാകും.വെഡ്ഡിംഗ് ഡെസ്റ്റിനേഷൻ എന്ന നിലയിൽ സംസ്ഥാനത്തിന് കൂടുതൽ പ്രാധാന്യം കെടിഎമ്മിലുണ്ടാകും. ആഗോള സമ്മേളനങ്ങൾക്ക് ആതിഥ്യമരുളുന്ന മൈസ് ടൂറിസം(എംഐസിഇമീറ്റിംഗ്സ് ഇൻസെൻറീവ്സ്, കോൺഫറൻസസ് ആൻഡ് എക്സിബിഷൻസ്) വിഭാഗത്തിലും കൂടുതൽ പ്രധാന്യം കെടിഎമ്മിൽ കൈവരും. ജി20 ഉച്ചകോടിയുടെ അനുബന്ധ സമ്മേളനം കുമരകം, കോവളം എന്നിവിടങ്ങളിൽ നടത്തിയത് ഈ ദിശയിൽ വലിയ സാധ്യത തുറന്നു നൽകിയിട്ടുണ്ട്. 2000മാണ്ടിൽ സ്ഥാപിതമായ കെടിഎം സൊസൈറ്റിയാണ് രാജ്യത്തെ ഏറ്റവും വലിയ ട്രാവൽ ആൻഡ് ടൂറിസം മേളയായ കേരള ട്രാവൽ മാർട്ട് നടത്തുന്നത്. ദക്ഷിണേഷ്യയിലെ തന്നെ ഏറ്റവും പ്രാധാന്യമുള്ളതും അന്താരാഷ്ട്ര പ്രതിനിധികളുടെ പ്രാതിനിധ്യം ഏറ്റവും കൂടുതലുള്ളതുമായ ടൂറിസം സമ്മേളനമാണിത്.

KERALA
TRAVEL MART

# 'എൻചാന്റഡ് ട്രെയിൽസ്' ശേഖരവുമായി തനിഷ്ക്



**കൊച്ചി:** ടാറ്റാ ഗ്രൂപ്പിൽ നിന്നുള്ള ഇന്ത്യയുടെ പ്രീമിയം ജുവല്ലറി ബ്രാൻഡായ തനിഷ്ക് പാരീസിലെ ഹോട്ട് കൊട്ടര്യോർ വീക്ക് 2024ൽ എൻചാന്റഡ് ട്രെയിൽസ് ശേഖരം അവതരിപ്പിച്ചു. ഫാഷൻ ലോകത്തിൻറെ മെക്കയായി അറിയപ്പെടുന്ന ഇവൻറാണ് പാരീസ് ഹോട്ട് കൊട്ട്യോർ വീക്ക്. എൻചാൻറഡ് ട്രെയിൽസ് ശേഖരത്തിലെ ഓരോ ആഭരണവും അപൂർവ്വ ഡയമണ്ടുകൾ ഉൾക്കൊള്ളുന്ന യഥാർത്ഥ കലാസൃഷ്ടിയാണ്.പ്രകൃതിയുടെ സങ്കീർണമായ സൗന്ദര്യത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുള്ള ആഭരണങ്ങളാണ് എൻചാൻറഡ് ട്രെയിൽസ് ശേഖരത്തിലുള്ളത്. ഒഴുകുന്ന നദിയുടേയും വെളിച്ചത്തിൻറേയും വെള്ളത്തിൻറെയും വിടരുന്ന പുഷ്പത്തിൻറെയും ചില്ലകളുടെ ചലനത്തിൻറെയും കാടിൻറെ മർമരത്തിൻറേയുമെല്ലാം ചാരുത പ്രതിഫലിപ്പിക്കുന്നവയാണ് അവ.പാരീസിലെ ഹോട്ട് കൊട്ടര്യോർ വീക്കിൽ 2021ൽ തുടക്കം കുറിച്ച ആദ്യ ഇന്ത്യൻ വനിതാ ഡിസൈനറായ വൈശാലി ഷഡാൻഗുലെയുമായാണ് തനിഷ്ക് ഈ വർഷം സഹകരിക്കുന്നത്. വൈശാലിയുടെ കാഴ്ചപ്പാടുകളും തനിഷ്കിൻറെ തത്വങ്ങളും കൃത്യമായി യോജിച്ചു പോകുന്നവയാണ്.അതുല്യമായ കരവിരുതിൻറേയും പുനർനിർവചിച്ച അഭിരുചിയുടേയും ആഘോഷമാണ് എൻചാൻറഡ് ട്രെയിൽസെന്ന് ടൈറ്റൻ കമ്പനിയുടെ ചീഫ് ഡിസൈൻ ഓഫിസർ രേവതി കാന്ത് പറഞ്ഞു. പാരീസ് ഹോട്ട് കൊട്ടര്യോർ ഫാഷൻ രംഗത്തെ പുതുമയുടേയും ആഡംബരത്തിൻറേയും ഉന്നത വേദിയായയാണ് കണക്കാക്കപ്പെടുന്നത്. നമ്മുടെ കലാകാരൻമാരുടേയും കരവിരുതിൻറേയും മികവ് പ്രദർശിപ്പിക്കാനുള്ള അതുല്യമായ വേദി കൂടിയാണിത്. വൈശാലി ഷഡാൻഗുലെയുമായുള്ള തങ്ങളുടെ പങ്കാളിത്തം കരവിരുതിൻറേയും സമകാലീക ഡിസൈനിൻറേയും മികച്ച കൂട്ടുകെട്ടാണ് ലഭ്യമാക്കുന്നത്. വൈശാലിയുടെ സവിശേഷമായ രീതികൾ പ്രകൃതിയിൽ നിന്നു പ്രചോദനം ഉൾക്കൊണ്ടുള്ള തങ്ങളുടെ ഡയമണ്ട് ശേഖരങ്ങളുടെ തീമിനു കൂടുതൽ ശക്തിയേകുന്നുവെന്നും രേവതി കാന്ത് കൂട്ടിച്ചേർത്തു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com